# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5638 — 05.07.2013 - ൽ മറുപടിക്ക്

## സംയോജിത വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംയോജിത വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് സ്പെഷ്യൽ സ്കൂളുകളിലെ എത്ര അദ്ധ്യാപക-അനദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ; | (എ) | 14 അദ്ധ്യാപകർക്ക് ജോലി നഷ്ടമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത അദ്ധ്യാപക-അനദ്ധ്യാപകരെ ജോലിയിൽ തിരിച്ചെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | പ്രസ്തുത അദ്ധ്യാപകരെ സ.ഉ.(എം.എസ്) നമ്പർ.406/2012/പൊ.വി.വ. തീയതി 27.12.2012 പ്രകാരം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ സ്പെഷ്യൽ സ്കൂളിൽ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 10 അദ്ധ്യാപകരെ പൊതുവിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്. സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ 20 വിദ്യാലയങ്ങളിൽ (ഒരദ്ധ്യാപകൻ - 2 വിദ്യാലയങ്ങൾ) ഐ.ഇ.ഡി. റിസോഴ്സ് അദ്ധ്യാപകരായാണ് ഇവരെ പുനർ നിയമിച്ചിട്ടുള്ളത്. |
| (സി) | സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം എത്ര ശതമാനത്തിൽ താഴെ വൈകല്യമുള്ള കുട്ടികളെ സാധാരണ സ്കൂളുകളിൽ പ്രവേശിപ്പിക്കാം; | (സി) & (ഡി) | സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം വികലാംഗരായ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് ശതമാനം നിശ്ചയിച്ചിട്ടില്ല. ഐ.ഇ.ഡി., ഐ.ഇ.ഡി. (എസ്.എസ്) സ്കീം പ്രകാരം ശാരീരികമായും മാനസികമായും വൈകല്യമുള്ള മുഴുവൻ കുട്ടികളെയും പൊതുവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കണമെന്നാണ് വ്യവസ്ഥ. |
| (ഡി) | പ്രസ്തുത മാനദണ്ഡം മറികടന്നു വൈകല്യമുള്ള കുട്ടികളെ സാധാരണ സ്കൂളുകളിൽ പ്രവേശിപ്പിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഇ) | സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്ക് ജോലി സ്ഥിരത ഉറപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (ഇ) | സ്പെഷ്യൽ സ്കൂളിൽ ശമ്പളമില്ലാതെ ജോലി ചെയ്യിരുന്ന 14 അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജിലുൾപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ ജീവനക്കാർക്ക് ജോലി സ്ഥിരത ഉറപ്പാക്കുന്നതിന് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.